LIBRARY ARCHIVES Kerala Legislative Assembly

മണക്കാലിക്കടവ് പാലത്തിന്റെ നിർമ്മാണം

343 (1387) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധർമ്മം നിയോജക മണ്ഡലവും മട്ടന്നൂർ നിയോജക മണ്ഡലവും ബന്ധിപ്പിക്കുന്ന മണക്കാലിക്കടവ് പാലത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിദശമാക്കാമോ ;

(സി) ഈ പാലത്തിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) മണക്കാലിക്കടവ് പാലം നിർമ്മാണത്തിനായി അപ്രോച്ച് റോഡിനുള്ള ഭൂമി സൗജന്യമായി ലഭ്യമാകുമെന്ന പ്രതീക്ഷയിൽ പാലം പ്രവൃത്തി ഇടങ്ങിയിരുന്നെങ്കിലും ആയത് ലഭ്യമാകാത്തതിനാൽ കരാറുകാരൻ പ്രവൃത്തിയിൽ നിന്നും പിൻമാറിയിരുന്നു. ഇപ്പോൾ അപ്രോച്ച് റോഡിനുള്ള ഭൂമി ലഭ്യമായിട്ടുണ്ട്. ആയതിനാൽ ബാക്കി പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എളങ്കുന്നപ്പുഴ സർക്കാർ സ്കൂൾ കെട്ടിടവും ഗ്രൗണ്ട് നവീകരണവും

284 (1388) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എളങ്കുന്നപ്പുഴ സർക്കാർ സ്കൂൾ കെട്ടിടം, ഗ്രൗണ്ട് നവീകരണം എന്നീ പ്രവൃത്തികൾ നടപ്പാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(സി) പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) എളങ്കുന്നപ്പുഴ സർക്കാർ സ്കൂൾ കെട്ടിട നിർമ്മാണം, ഗ്രൗണ്ട് നവീകരണം എന്നീ പ്രവൃത്തികൾ തീർക്കുവാനുള്ള തീയതി പുതുക്കിയ കരാർ അനുസരിച്ച് 31-5-2015 ആണ്. പ്രസ്തുത പ്രവൃത്തിയുടെ ഫിനിഷിംഗ് ജോലികൾ മാത്രമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.